(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	2.85	ലക്ഷം തൊഴിൽ ദിനങ്ങൾ
കൊല്ലം	2.64	,,
പത്തനംതിട്ട	2.74	,,
ആലപ്പുഴ	3.83	,,
കോട്ടയം	1.86	,,
ഇടുക്കി	2.73	,,
എറണാകുളം	2.69	,,
തൃശ്ശൂർ	4.52	,,
പാലക്കാട്	5.56	,,
മലപ്പുറം	3.08	,,
കോഴിക്കോട്	1.04	,,
വയനാട്	0.61	,,
കണ്ണൂർ	1.93	,,
കാസർകോഡ്	1.27	,,

(സി) പട്ടികജാതിക്കാർക്കുവേണ്ടി 12.71 ലക്ഷം തൊഴിൽ ദിനങ്ങളും പട്ടികവർഗ്ഗക്കാർക്കുവേണ്ടി 2.88 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം

364. [473] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു വേണ്ടി ഗ്രാമവികസന വകുപ്പിന് ലഭിച്ചിട്ടുള്ള തുക എത്ര ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഇനിയും എന്തു തുക കൂടി ഈ ഡിപ്പാർട്ടുമെന്റിന് ലഭിക്കും ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

പെരുങ്കടവിള ബ്ലോക്കിൽ ഒരു പുതിയ ജീപ്പ്

365. [474] ശ്രീ. എസ്. ആർ തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കടവിള പോലുള്ള ഏറ്റവും കൂടുതൽ മലയോര പ്രദേശം പ്രവർത്തന പരിധിയായുള്ള ബ്ലോക്കുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പുതിയ വാഹനങ്ങൾ അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ;

(ബി) പെരുങ്കടവിള ബ്ലോക്കിൽ ഒരു പുതിയ ജീപ്പ് കൊടുക്കാമെന്ന ഉപ്പ് എപ്പോൾ പാലിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പെരുങ്കടവിള ബ്ലോക്കിന് ഇപ്പോൾ വാഹനം ഉണ്ട്. പുതിയ വാഹനം നൽകേണ്ട ആവശ്യം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly